**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3945 24.08.2017 ന് മറുപടിയ്ക്ക്.

**<u>ജനവാസ മേഖലയിൽ നാശനഷ്ടമുണ്ടാക്കുന്ന വന്യജീവികൾ</u>**

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ആർ.രാമചന്ദ്രൻ<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വരൾച്ച മൂലം വനത്തിൽ നിന്നും ജനവാസ മേഖലയിലേയ്ക്ക് വന്യജീവികൾ കടന്നാൽ അവയെ തിരിച്ച് കാട്ടിലേയ്ക്ക് വിടുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ; | (എ) വരൾച്ച മൂലം വനത്തിൽ നിന്നും ജനവാസമേഖലയിലേക്ക് കടക്കുന്ന വന്യജീവികളെ ദ്രുതകർമ്മ സേനയുടെ സേവനം ഉപയോഗപ്പെടുത്തി തിരിച്ച് കാട്ടിലേക്ക് വിടുന്നുണ്ട്. ഇത്തരത്തിൽ ജനവാസ മേഖലകളിൽ എത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് അയയ്ക്കുന്നതിന് കുങ്കി ആനകളുടെ സേവനവും ഉപയോഗപ്പെടുത്തി വരുന്നു. |
| (ബി) സ്ഥിരമായി ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി നാശനഷ്ടമുണ്ടാക്കുന്ന വന്യമൃഗങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | (ബി) പരിശോധിച്ചിട്ടുണ്ട്. കാട്ടാന, കുരങ്ങ്, കാട്ടുപന്നി, മാൻ, മയിൽ തുടങ്ങിയ വന്യജീവികളാണ് ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി പ്രധാനമായും നാശനഷ്ടങ്ങൾ ഉണ്ടാക്കുന്നത്. കടുവ, പുലി എന്നീ ജീവികൾ അപൂർവ്വമായി ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങുന്നുണ്ട്.<br>വനത്തിനുള്ളിൽ കുടിവെള്ളം, ആഹാരവസ്തുക്കൾ എന്നിവയുടെ ലഭ്യത കുറയുന്നത്, ആനത്താരകൾ ശിഥിലമാകുന്നത്, വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതികൾ നടത്തുന്നത് എന്നിവയാണ് വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്നതിനുള്ള പ്രധാന കാരണങ്ങൾ. |

Lathesh

സെക്ഷൻ ഓഫീസർ